**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2573 **06.02.2018** -ലെ മറുപടിക്ക്

**<u>പട്ടികജാതി വികസന വകുപ്പിന്റെ ഭവനനിർമ്മാണ ആനുകൂല്യത്തിനുള്ള വ്യവസ്ഥകൾ</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** |
| (എ) | വിവാഹിതരല്ലാത്തവരും 50 വയസ്സിനു മുകളിൽ പ്രായമുള്ളവരും അശരണരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണ ആനുകൂല്യം നൽകാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള പട്ടികജാതി കുടുംബങ്ങൾക്കാണ് നിലവിൽ ധനസഹായം അനുവദിക്കുന്നത്. അവിവാഹിതർക്ക് ധനസഹായം അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ മോശമായ ജീവിത സാഹചര്യങ്ങൾ ഉള്ളവരും അശരണരുമായവർക്ക് നിലവിലെ വ്യവസ്ഥകൾക്ക് ഇളവ് വരുത്തി പ്രത്യേക പരിഗണനയിൽ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. ഇതിൽ പ്രായപരിധിയില്ല. |
| (ബി) | ഏതെല്ലാം ഗണത്തിൽപ്പെട്ട പട്ടികജാതി വിഭാഗക്കാർക്കാണ് ഭവനനിർമ്മാണ ആനുകൂല്യങ്ങൾ നൽകുന്നതെന്നും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (ബി) | വീട് നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമിയുള്ള 50,000/- രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്കാണ് നിലവിൽ ധനസഹായം അനുവദിക്കുന്നത്. ഭവന നിർമ്മാണത്തിനായി വകുപ്പിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ മുൻപ് ധനസഹായം ലഭിച്ചിട്ടില്ലാത്തതും വാസയോഗ്യമായ ഭവനം ഇല്ലാത്തതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടുന്നവർക്കുമാണ് ധനസഹായം നൽകുന്നത്. മുമ്പ് ഭവനനിർമ്മാണ ധനസഹായം ലഭിച്ചവരായിരിക്കരുത് എന്നും വ്യവസ്ഥയുണ്ട്. ഗ്രാമസഭാ ലിസ്റ്റ് നിലവിലില്ലാത്തയിടങ്ങളിൽ പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിക്കുന്നു. |

| | | | |
|---|---|---|---|
| | | | നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതി, വരുമാനം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ, മുൻപ് ധനസഹായം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അതാത് ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർ അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ചു വരുന്നു. |
| (സി) | തൃശ്ശൂർ ജില്ലയിൽ അന്തിക്കാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും ഭവന നിർമ്മാണ ധനസഹായത്തിന് തെരഞ്ഞെടുത്ത അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിലെ തോട്ടത്തുംപടി നാരായണൻ മകൾ ഓമനയെ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയതെന്തു കൊണ്ടാണെന്ന് വെളിപ്പെടുത്താമോ; | (സി) | അരിമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന്റെ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി.ഓമന റ്റി.എൻ, തോട്ടത്തുംപടി വീട്, വെളത്തൂർ എന്നായാൾ അവിവാഹിതയായതിനാലാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കാതിരുന്നത്. അവിവാഹിത യായതിനാൽ പഞ്ചായത്തിന്റെ 'ആശ്രയ' പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി അരിമ്പൂർ ഗ്രാമ പഞ്ചായത്തിന് തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായവരും അശരണരുമായവരെ ഭവന നിർമ്മാണ ധനസഹായത്തിന് അർഹരാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | അവിവാഹിതരായവർക്ക് നിലവിലെ വ്യവസ്ഥ പ്രകാരം ധനസഹായം അനുവദിക്കാൻ കഴിയില്ല. പദ്ധതിയ്ക്ക് പ്രായപരിധിയില്ല. അശരണരും നിരാലംബരും വാസയോഗ്യമായ വീടില്ലാത്തവരും ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ അവിവാഹിതർക്ക് സർക്കാരിന്റെ പ്രത്യേക അനുമതിക്ക് വിധേയമായി ധനസഹായം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ